# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1804** **04-12-2018-ൽ**
മറുപടി നൽകേണ്ടത്

## ഉന്നത വിദ്യാഭ്യാസ മേഖലയിൽ മലപ്പുറം ജില്ലയുടെ പിന്നോക്കാവസ്ഥ

ചോദ്യം | ഉത്തരം

**ശ്രീ. പി. ഉബൈദുള്ള** : **ഡോ. കെ. ടി. ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിൽ ഉന്നത വിദ്യാഭ്യാസ മേഖലയിലും തൊഴിൽ പരിശീലന രംഗത്തുമുള്ള പിന്നോക്കാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിൽ ഉന്നത വിദ്യാഭ്യാസ മേഖലയിലുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി പുതുതായി 3 സർക്കാർ/എയ്ഡഡ് കോളേജുകൾ (സർക്കാർ വനിതാ കോളേജ്, സർക്കാർ കോളേജ് നിലമ്പൂർ, സയ്യിദ് മുഹമ്മദ് അലി ശിഹാബ് തങ്ങൾ മെമ്മോറിയൽ ആർട്സ് & സയൻസ് വനിതാ കോളേജ്) ഉൾപ്പെടെ 22 ആർട്സ് & സയൻസ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. മലപ്പുറം ജില്ലയിലെ കോളേജുകളിലെ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് പുറമേ, വിദ്യാർത്ഥികളുടെ നൈപുണ്യ |
| (ബി) | ഇവ പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | | |

| | | | |
|---|---|---|---|
| | | | വികാസത്തിനും, ഇംഗ്ലീഷ് ഭാഷയുടെ നൈപുണ്യത്തിനുമായി ASAP പദ്ധതി നടപ്പിലാക്കിട്ടുണ്ട്. കൂടാതെ, New Initiative Scheme -ൽ ഉൾപ്പെടുത്തി Walk with a Scholar, Scholar support programme എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന നൈപുണ്യവികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) തൊഴിൽ പരിശീലന രംഗത്ത് മലപ്പുറം ജില്ലയിൽ എംപ്ലോയബിലിറ്റി സെന്ററുകൾ വഴി നൈപുണ്യ വികസന പദ്ധതികൾ നടത്തിവരുന്നു. നിലമ്പൂരിൽ പ്രവർത്തിക്കുന്ന മെ. Induscan Petroleum എന്ന സ്ഥാപനം നടത്തുന്ന ഓയിൽ & പെട്രോളിയം മെക്കാനിക്കൽ കൺസ്ട്രക്ഷൻ മേഖലയിലെ ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർ, ക്വാളിറ്റി കൺട്രോൾ എഞ്ചിനീയർ, സ്കിൽ എഞ്ചിനീയർ എന്നീ കോഴ്സുകൾ വഴി 218 പേർക്ക് പരിശീലനം നൽകുകയും 141 പേർക്ക് ജോലി ലഭ്യമാക്കുകയും ചെയ്തു. പ്രധാനമന്ത്രി കൗശൽ വികാസ് യോജന (PMKVY) യുടെ ഭാഗമായി |

| | | | |
|---|---|---|---|
| | | | മലപ്പുറം ജില്ലയിൽ 1370 യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത നൈപുണ്യ വികസന കോഴ്സുകൾ ആരംഭിക്കുവാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. |
| (സി) | ജില്ലയിലെ സർക്കാർ/എയ്ഡഡ് കോളേജുകളിൽ കൂടുതൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | സർക്കാർ മേഖലയിൽ 2015, 2017 കാലഘട്ടത്തിൽ ആരംഭിച്ച പുതിയ രണ്ട് കോളേജുകളിൽ മാത്രമായി വിവിധ വിഷയങ്ങളിൽ 8 ബിരുദ കോഴ്സുകളും, എയ്ഡഡ് മേഖലയിൽ 2016-ൽ ആരംഭിച്ച സയ്യിദ് മുഹമ്മദ് അലി ശിഹാബ് തങ്ങൾ മെമ്മോറിയൽ ആർട്സ് & സയൻസ് വനിതാ കോളേജിൽ മാത്രമായി 3 ബിരുദ കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ഗവ. കോളേജ്, പെരിന്തൽമണ്ണ ഗവ. കോളേജ്, മലപ്പുറം, ഗവ. കോളേജ് എന്നീ കോളേജുകളിൽ 2018-19 അദ്ധ്യയനവർഷം വിവിധ വിഷയങ്ങളിൽ പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. ആവശ്യമുള്ള പക്ഷം പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) | ജില്ലയിലെ ഏറ്റവും പഴക്കം ചെന്ന സർക്കാർ കോളേജുകളായ മലപ്പുറം, | (ഡി) | മലപ്പുറം ജില്ലയിലെ പഴക്കമുള്ള സർക്കാർ കോളേജുകളായ |

| | | | |
|---|---|---|---|
| | പെരിന്തൽമണ്ണ, തിരൂർ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | | മലപ്പുറം ആർട്സ് & സയൻസ് കോളേജ്, പെരിന്തൽമണ്ണ, പി.ടി.എം സർക്കാർ കോളേജ്, തിരൂർ സർക്കാർ ആർട്സ് & സയൻസ് കോളേജ് എന്നിവയുടെ സമഗ്ര വികസനത്തിനായി കാലാകാലങ്ങളായി പ്ലാൻ ഫണ്ടിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി തുക അനുവദിച്ച് നൽകുന്നുണ്ട്. മാത്രമല്ല, ഈ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**